**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3229** **13-07-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും അവർ ഏതെല്ലാം സംസ്ഥാനത്ത് നിന്നാണ് എത്തിയിട്ടുള്ളതെന്നതും സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽ തന്നെ ജോലി എടുക്കാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥി തൊഴിലാളികൾക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ആവാസ് പോർട്ടലിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള അതിഥി തൊഴിലാളികളുടെ എണ്ണം 516319 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി പത്തൊൻപത്) ആണ്. സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തേക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തേയ്ക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ ഫെസിലിറ്റേഷൻ സെന്റർ മുഖേന രജിസ്റ്റർ ചെയ്യിക്കുന്നതിന് കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-ൽ അധികം തൊഴിലാളികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്ന എല്ലാ കോൺട്രാക്ടർമാരും, തൊഴിലുടമകളും ഇതരസംസ്ഥാന തൊഴിലാളികളെ നിയമപ്രകാരം രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്ന ആവാസ് രജിസ്ട്രേഷൻ, മെഡിക്കൽ ക്യാമ്പ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ "Guest App", അതിഥി പോർട്ടൽ എന്നീ പദ്ധതികൾ പ്രകാരവും പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സംസ്ഥാനം | രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | ആൻഡമാൻ & നിക്കോബാർ ഐലന്റ്സ് | 43 |
| 2. | ആന്ധ്രാപ്രദേശ് | 2168 |
| 3. | അരുണാചൽ പ്രദേശ് | 649 |
| 4. | അസാം | 87087 |
| 5. | ബീഹാർ | 51325 |
| 6. | ചണ്ഡീഗഡ് | 102 |
| 7. | ചത്തീസ്ഗഡ് | 2318 |
| 8. | ഡാമൻ ഡ്യൂ & ദാദ്രാ നാഗർ ഹവേലി | 17 |
| 9. | ഡൽഹി | 543 |
| 10. | ഗോവ | 31 |
| 11. | ഗുജറാത്ത് | 290 |
| 12. | ഹരിയാന | 199 |
| 13. | ഹിമാചൽ പ്രദേശ് | 142 |
| 14. | ജമ്മു & കാശ്മീർ | 413 |
| 15. | ജാർഖണ്ഡ് | 27071 |
| 16. | കർണ്ണാടക | 7791 |
| 17. | ലക്ഷദ്വീപ് | 7 |
| 18. | മധ്യപ്രദേശ് | 4571 |
| 19. | മഹാരാഷ്ട്ര | 1124 |
| 20. | മണിപ്പൂർ | 558 |
| 21. | മേഘാലയ | 525 |
| 22. | മിസോറാം | 85 |
| 23. | നാഗാലാന്റ് | 652 |
| 24. | ഒഡീഷ | 56245 |
| 25. | പുതുച്ചേരി | 79 |
| 26. | പഞ്ചാബ് | 319 |
| 27. | രാജസ്ഥാൻ | 2846 |
| 28. | സിക്കിം | 106 |
| 29. | തമിഴ്നാട് | 36122 |
| 30. | തെലുങ്കാന | 215 |
| 31. | ത്രിപുര | 1156 |
| 32. | ഉത്തർപ്രദേശ് | 19413 |
| 33. | ഉത്തരാഖണ്ഡ് | 1125 |
| 34. | പശ്ചിമ ബംഗാൾ | 210982 |
| **ആകെ** | | **516319** |

സെക്ഷൻ ഓഫീസർ.